വൈദ്യുതി ബോർഡിൽ നിലവിലുള്ള മസ്ദൂർ റാങ്ക് ലിസ്റ്റ്

44 (2322) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി ബോർഡിൽ നിലവിലുള്ള വർക്കർ (മസ്ദൂർ) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഒഴിവുണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു.

വൈദ്യുതി ബോർഡിൽ ഓവർസീയർ റാങ്ക് ലിസ്റ്റ്

45 (2323) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 20-1-2000-ൽ നിലവിൽ വന്ന വൈദ്യുതി ബോർഡിലെ ഓവർസീയർ (സിവിൽ) റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടുണ്ട് ; ജോലിയിൽ പ്രവേശിക്കാത്ത ഒഴിവുകൾ (എൻ.ജെ.ഡി.) വീണ്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് കാലാവധി നീട്ടിയ ലിസ്റ്റുകളിൽ ഉൾപ്പെടുത്തണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 84 പേർക്ക്.

(ബി) 64 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അതിലെ 10 എൻ.ജെ.ഡി. വേക്കൻസികളിൽ കോടതി വിധിപ്രകാരം ഒരു എൻ.ജെ.ഡി. വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഒഴിവുകൾ നികത്താനില്ല.

വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ

46 (2324) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന വൻകിട-ഇടത്തരം, ചെറുജലസേചന പദ്ധതികൾ ഏതെല്ലാമാണ് ; ഇവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly